ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

DATE: 18.05.2026 TIME : 07.25 PM

## പ്രധാന

1. കേരളത്തിന്റെ മുഖ്യമന്ത്രിയായി വി.ഡി സതീശൻ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു; 21 അംഗ മന്ത്രിസഭയും സത്യപ്രതിജ്ഞ ചെയ്തു.
   The 21-member cabinet led by Kerala Chief Minister VD Satheesan was sworn in to office.
2. രാജ്യത്ത് ആദ്യമായി വയോജനങ്ങൾക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കാനും കെ എസ് ആർ ടി സി ബസ്സുകളിൽ സ്ത്രീകൾക്കുള്ള സൗജന്യ യാത്ര ജൂൺ 15 മുതൽ നടപ്പാക്കാനും ആദ്യ മന്ത്രിസഭായോഗത്തിൽ തീരുമാനം.
   First cabinet meeting to set up a special department for senior citizens and implement free travel for women in KSRTC buses from June 15.
3. മൂന്നാമത് ഇന്ത്യ-നോർഡിക് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി നോർവേയിലെത്തി; നോർവേ പ്രധാനമന്ത്രിയുമായി നരേന്ദ്രമോദി ഉഭയകക്ഷി ചർച്ച നടത്തി.
   Prime Minister Narendra Modi arrives in Norway to attend the third India-Nordic Summit; Narendra Modi holds bilateral talks with Norwegian Prime Minister.
4. രാജ്യത്തിന്റെ കയറ്റുമതി മേഖല ശക്തിപ്പെട്ടതായും ആഗോള വെല്ലുവിളികൾക്കിടയിലും ഇന്ത്യ

**അതിവേഗം മുന്നേറുകയാണെന്നും കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.**

**Union Minister Piyush Goyal says country's export sector has strengthened and India is moving ahead rapidly despite global challenges.**

5. **സംസ്ഥാനത്ത് ശക്തമായ മഴ തുടരും; കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത; കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.**

   **Heavy rains to continue in the Kerala; Orange alert in Kannur and Kasaragod districts today; Fishing banned on Kerala-Karnataka-Lakshadweep coasts today and tomorrow.**

6. **ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിങ്സ് - സൺറൈസേഴ്സ് ഹൈദരാബാദ് പോരാട്ടം.**

   **Chennai Super Kings - Sunrisers Hyderabad clash in IPL cricket today.**

*************

## UDF GOVT. (INTRO)

മുഖ്യമന്ത്രി വി ഡി സതീശന്റെ നേതൃത്വത്തിലുള്ള യുഡിഎഫ് മന്ത്രിസഭ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. സെൻട്രൽ സ്റ്റേഡിയത്തിലെ പ്രത്യേക വേദിയിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ സത്യവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രി വി ഡി സതീശൻ ഉൾപ്പെടെ 21 മന്ത്രിമാരാണ് സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റത്. ചടങ്ങിനായി സെൻട്രൽ സ്റ്റേഡിയത്തിലും പരിസര പ്രദേശങ്ങളിലും വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് പൊലീസ് ഒരുക്കിയിരുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....**
**(വോയ്സ്)**

*************

## KSRTC - CABINET

കേരളത്തിൽ കെഎസ്ആർടിസി ബസ്സുകളിൽ സ്ത്രീകൾക്കുള്ള സൗജന്യ യാത്ര ജൂൺ 15 മുതൽ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ആദ്യ മന്ത്രിസഭാ യോഗത്തിനു ശേഷം മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് ആദ്യമായി വയോജനങ്ങൾക്കായി പ്രത്യേക വകുപ്പ് രൂപീകരിക്കുമെന്നും വയോജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി സമഗ്ര പദ്ധതികൾ തയ്യാറാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.
ആശാവർക്കർമാരുടെ ഓണറേറിയത്തിൽ 3000 രൂപ വർദ്ധന വരുത്താനും, അങ്കണവാടി ജീവനക്കാർ, ഹെൽപ്പർമാർ, പാചകത്തൊഴിലാളികൾ, പ്രീ പ്രൈമറി അധ്യാപകർ, ആയമാർ എന്നിവരുടെ വേതനത്തിൽ 1000 രൂപ വർധിപ്പിക്കാനും മന്ത്രിസഭായോഗത്തിൽ തീരുമാനമായി.

*************

## KERALA NIYAMASABHA

എംഎൽഎയും മുൻമന്ത്രിയുമായ ജി സുധാകരനെ പ്രോ-ടെം സ്പീക്കറായി നിയമിക്കാൻ മന്ത്രിസഭ തീരുമാനിച്ചതായി മുഖ്യമന്ത്രി അറിയിച്ചു.മെയ് 21ന് എംഎൽഎമാരുടെ സത്യപ്രതിജ്ഞ നടത്താനും 22ന് സ്പീക്കർ തിരഞ്ഞെടുപ്പിനുമായി നിയമസഭയുടെ

പ്രത്യേക സമ്മേളനം വിളിച്ചുചേർക്കാൻ ഗവർണറോട് ശിപാർശ ചെയ്തതായി മുഖ്യമന്ത്രി അറിയിച്ചു. മെയ് 29നാണ് ഗവർണറുടെ നയപ്രഖ്യാപനം. സംസ്ഥാനത്തിന്റെ നിലവിലെ ധനസ്ഥിതിയെക്കുറിച്ചുള്ള ധവളപത്രം പ്രസിദ്ധീകരിക്കുമെന്നും നവകേരള സദസ്സിനിടെയുണ്ടായ പോലീസ് അതിക്രമത്തെ കുറിച്ച് പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് അന്വേഷിക്കുമെന്നും മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

*************

## PM NORWAY (INTRO)

മൂന്നാമത് ഇന്ത്യ-നോർഡിക് ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി നോർവേയിലെത്തി. നോർവേ പ്രധാനമന്ത്രി യോനാസ് ഗഹർ സ്റ്റോറുമായി അദ്ദേഹം ഓസ്ലോയിൽ ഉഭയകക്ഷി ചർച്ച നടത്തി. വ്യാപാരം, നിക്ഷേപം, സമുദ്ര സമ്പദ വ്യവസ്ഥ, പുനരുപയോഗ ഊർജം, വിദ്യാഭ്യാസം, ബഹിരാകാശം, ആർട്ടിക് മേഖല എന്നിവയുൾപ്പെടെയുള്ള മേഖലകളിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തമാക്കാൻ ചർച്ചയിൽ ധാരണയായി. കഴിഞ്ഞ വർഷം പ്രാബല്യത്തിൽ വന്ന ഇന്ത്യ-ഇ.എഫ്.ടി.എ വ്യാപാര-സാമ്പത്തിക പങ്കാളിത്ത കരാർ ഇന്ത്യയും നോർവേയും തമ്മിലുള്ള പങ്കിട്ട പുരോഗതിയുടെയും സമൃദ്ധിയുടെയും ഉദാഹരണമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സംയുക്ത വാർത്താസമ്മേളനത്തിൽ പറഞ്ഞു. പഹൽഗാം ഭീകരാക്രമണത്തെ തുടർന്നുള്ള പ്രതിസന്ധി ഘട്ടത്തിൽ ഭീകരതയ്ക്കെതിരെ

ഇന്ത്യക്കൊപ്പം ഉറച്ചുനിന്ന നോർവേയുടെ നിലപാട് യഥാർത്ഥ സൗഹൃദത്തിന്റെ അടയാളമാണെന്നും അദ്ദേഹം വിശേഷിപ്പിച്ചു.
**(ഹോൾഡ്)**
നോർവേ സന്ദർശനത്തിനിടെ കിംഗ് ഹരാൾ അഞ്ചാമനുമായും സോഞ്ച രാജ്ഞിയുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. 43 വർഷത്തിനിടെ ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി നോർവെ സന്ദർശിക്കുന്നത്.

*************

## PM - ITALY VISIT

വിദേശ പര്യടനത്തിന്റെ അവസാന പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഇറ്റലിയിലെത്തും.ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയുടെ ക്ഷണപ്രകാരമാണ് സന്ദർശനം .നിരവധി വിഷയങ്ങളിൽ ഇരു നേതാക്കളും ഉഭയകക്ഷി ചർച്ചകൾ നടത്തും.

*************

## LAW MINISTRY BRICS MEETING

ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷതയ്ക്ക് കീഴിൽ നിയമ-നീതിന്യായ മന്ത്രാലയം സംഘടിപ്പിക്കുന്ന ഉന്നത ഉദ്യോഗസ്ഥ തല ബ്രിക്സ് മീറ്റിംഗിന് നാളെ ഗുജറാത്തിലെ ഗാന്ധിനഗറിൽ തുടക്കമാകും. കോടതിക്ക് പുറത്തുള്ള ബദൽ തർക്ക പരിഹാര മാർഗ്ഗങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് യോഗം പ്രധാനമായും ചർച്ച ചെയ്യുക. ബ്രിക്സ് അംഗരാജ്യങ്ങളായ ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന,

ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കും.

*************

## RAJNATH VISIT

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗിന്റെ വിയറ്റ്നാം, ദക്ഷിണ കൊറിയ സന്ദർശനത്തിന് തുടക്കമായി. തന്ത്രപരമായ സൈനിക സഹകരണം കൂടുതൽ ആഴത്തിലാക്കുക, പ്രതിരോധ വ്യാവസായിക പങ്കാളിത്തം ശക്തിപ്പെടുത്തുക, ഇന്തോ-പസഫിക് മേഖലയിൽ സഹകരണം വർദ്ധിപ്പിക്കുക എന്നിവയ്ക്ക് പ്രാധാന്യം നൽകിയാണ് സന്ദർശനം.

*************

## GEORGE KURIAN

കേന്ദ്ര സർക്കാരിന്റെ പി.എം വികാസ് പദ്ധതിക്ക് എൻ.ഐ.ടി കാലിക്കറ്റിൽ തുടക്കമായി. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പദ്ധതി ഉദ്ഘാടനം ചെയ്തു. പരമ്പരാഗത തൊഴിൽ ചെയ്യുന്നവർക്കും ന്യൂനപക്ഷ സമൂഹത്തിലെ യുവതി യുവാക്കൾക്കും ആധുനിക തൊഴിൽ മേഖലകളിൽ വൈദഗ്ദ്യം ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

*************

## HLL

അമൃത് ഫാർമസി അടക്കമുള്ള സംരംഭങ്ങൾ എല്ലാ ജനങ്ങൾക്കും ഒരുപോലെ പ്രയോജനം ചെയ്യുന്നതായി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയ സെക്രട്ടറി പുണ്യ സലില ശ്രീവാസ്തവ. എച്ച്എൽഎൽ ലൈഫ് കെയർ ലിമിറ്റഡിന്റെ തിരുവനന്തപുരത്ത് നടന്ന വജ്ര ജൂബിലി

സമാപന ചടങ്ങിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അവർ.

*************

## WEATHER - KERALA

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

*************

## GOYAL-VYAPAR MAHOTSAV (INTRO)

ആഗോള വെല്ലുവിളികൾക്കിടയിലും ഇന്ത്യ അതിവേഗം പുരോഗമിക്കുകയാണെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ ഭാരത് വ്യാപാര മഹോത്സവത്തിന്റെ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. 2047 ലെ വികസിത ഭാരത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി വ്യവസായ മേഖല ഉൾപ്പെടെ സമസ്തമേഖലകളും കൂടുതൽ കരുത്തോടെ പ്രവർത്തനം തുടരണമെന്നും ശ്രീ ഗോയൽ പറഞ്ഞു.

**(ഹോൾഡ് വോയിസ് )**

രാജ്യത്തിന്റെ കയറ്റുമതി ഏകദേശം 863 ബില്യൺ ഡോളറിലെത്തിയതായും, നടപ്പ് സാമ്പത്തിക വർഷത്തിൽ കയറ്റുമതി ഒരു ട്രില്യൺ ഡോളർ കൈവരിക്കുക എന്നതാണ് ലക്ഷ്യമെന്നും ശ്രീ ഗോയൽ വ്യക്തമാക്കി.

*************

## IPL CRICKET

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ചെന്നൈ സൂപ്പർ കിങ്സ്- സൺറൈസേഴ്സ് ഹൈദരാബാദ് പോരാട്ടം. ടോസ് നേടിയ ചെന്നൈ ബാറ്റിംഗ് തിരഞ്ഞെടുത്തു. ചെന്നൈ എം.എ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

*************

## ISL

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്- FC ഗോവ പോരാട്ടം . കൊച്ചിയിലെ കലൂർ സ്റ്റേഡിയത്തിലാണ് മത്സരം.

*************

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത് ഈ മാസം 31-ന്. പരിപാടിയുടെ 134-ാം പതിപ്പ് ആണിത്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ മൊബൈൽ ആപ്പിലൂടെയോ , My gov ഓപ്പൺ ഫോറത്തിലൂടെയോ സമർപ്പിക്കാം. നിർദേശങ്ങൾ ഈ മാസം 29 വരെ സ്വീകരിക്കും.

*************

## SHA CHHATTISGARG

രണ്ട് ദിവസത്തെ ഛത്തീസ്ഗഢ് സന്ദർശനത്തിനെത്തിയ കേന്ദ്ര ആഭ്യന്തരമന്ത്രി ബസ്തർ ജില്ലയിൽ പബ്ലിക്

കൺവീനിയൻസ് സെൻറ്ററിൻറെ ഉദ്ഘാടനം നിർവഹിച്ചു. ഛത്തീസ്ഗഡിനെ നക്സൽ മുക്തമായി പ്രഖ്യാപിച്ചതിന് ശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യ സന്ദർശനമാണിത്. ജഗ്ദൽപൂരിൽ രക്തസാക്ഷികളുടെ കുടുംബാംഗങ്ങളുമായി അദ്ദേഹം സംവദിച്ചു.

*************

## JITENDRA - US DELEGATION

വികസിത ഭാരതം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി 2047-ഓടെ രാജ്യത്തെ ആണവോർജ്ജ ശേഷി 100 ഗിഗാ വാട്ടായി ഉയർത്തുകയാണ് ഇന്ത്യയുടെ ലക്ഷ്യമെന്ന് കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ്. ഇന്ത്യയുടെ ആണവോർജ്ജ മേഖലയിലെ സ്വകാര്യ നിക്ഷേപ സാധ്യതകളും വ്യവസായ സഹകരണവും ചർച്ച ചെയ്യുന്നതിനായി യുഎസിൽ നിന്നുള്ള വ്യവസായ പ്രതിനിധി സംഘവുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം.

*************

********

****